# നാളികേര കൃഷിക്ക് കേന്ദ്ര പദ്ധതികൾ

തിരുവനന്തപുരം: കേന്ദ്രസർക്കാർ സഹായത്തോടെ സംസ്ഥാനത്ത് കൂടുതൽ നാളികേര വികസന പദ്ധതികൾ വരുന്നു. രാഷ്ട്രീയ കൃഷിവികാസ് യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സംയോജിത നാളികേര വികസനത്തിനായി 1.17 കോടി രൂപയുടെ പദ്ധതിയാണ് പ്രാഥമികമായി നടപ്പിലാക്കുന്നത്.

തെങ്ങിന്റെ ഉൽപാദനക്ഷമത നിലവിലുള്ള 35 നാളികേരത്തിൽ നിന്ന് 45 ആക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷിയിടങ്ങളിൽ യന്ത്രവൽകരണം, ജലസേചന സൗകര്യം വർധിപ്പിക്കൽ, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ എന്നീ ഘടകങ്ങളാണു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തെങ്ങിൻതോപ്പിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി നിലവിലുള്ള കിണറുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസുകൾ നവീകരിക്കുന്നതിന് കർഷകർക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ പരമാവധി 4,000 രൂപവരെ നൽകും. സംസ്ഥാനത്ത് 1500 ജലസ്രോതസുകൾ നവീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദേശിക്കാം. കൂടാതെ 1000 വൈദ്യുത/ പോർട്ടബിൾ പമ്പുസെറ്റുകൾ വാങ്ങുന്നതിന് യൂണിറ്റിന് 50 ശതമാനം സബ്സിഡിയിൽ പരമാവധി 5,000 രൂപ വരെ നൽകും. ഗാർഡൻ ടില്ലറുകൾ, ബ്രഷ് കട്ടറുകൾ, തെങ്ങുകയറ്റയന്ത്രം എന്നിവ വാങ്ങുന്നതിന് തെങ്ങുകൃഷിക്കാർക്ക് 50 ശതമാനം സബ്സിഡിയും അനുവദിക്കും.

തെങ്ങു കൃഷിക്കാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തുതിനാവശ്യമായ ഉപാധികളും സേവനങ്ങളും ലഭ്യമാക്കുന്നതാണ് പദ്ധതി. നാളികേര കർഷകരുടെ വരുമാനം വർധിപ്പിക്കുകയാണ് മുഖ്യലക്ഷ്യം. കേരഫെഡ് വഴി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനും ആലോചനയുണ്ട്. ദേശീയ സഹകരണ വികസന കോർപറേഷന്റെ സഹായത്തോടെയാണ് കേന്ദ്രപദ്ധതികൾ വരുന്നത്. സംഭരിക്കുന്ന കൊപ്ര സംസ്കരിക്കുതിന് കേരഫെഡിന്റെ ആഭിമുഖ്യത്തിലുള്ള ആദ്യത്തെ നാളികേര സംസ്കരണ ശാല കരുനാഗപ്പള്ളിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരഫെഡിന്റെ ഉൽപന്നങ്ങൾക്ക് പ്രചാരം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കും.